LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ സമർപ്പിച്ച പ്രോജക്ട്

206 (4272) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ നിന്നും എത്ര പ്രോജക്ടുകൾ സമർപ്പിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) അത് പ്രകാരം എത്ര രൂപ അനുവദിച്ചെന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബ്ലോക്കിൽ നിന്നും പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. കരനെൽകൃഷി
2. തരിശുനില നെൽകൃഷി
3. ജൈവ വാഴകൃഷി
4. പച്ചക്കറി കൃഷി
5. തഴുത്തല ഏലയിൽ അടിസ്ഥാന സൗകര്യ വികസനം.

(ബി) ഈ വർഷത്തെ ആർ.കെ.വി.വൈ. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി ജൂൺ മാസത്തിൽ കൂടി കൊല്ലം ജില്ലയ്ക്ക് കരനെൽകൃഷി, തരിശുനില നെൽകൃഷി, പച്ചക്കറി കൃഷി എന്നീ പദ്ധതികൾക്കായി 101.50 ലക്ഷം രൂപ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്കുള്ള തുക അനുവദിക്കുന്നതാണ്.

(സി) പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടില്ല.

പ്രത്യേക ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി

207 (4275) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നെല്ലുൽപ്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ നെല്ലുൽപ്പാദന പ്രദേശങ്ങളെയാണ് ഈ പ്രത്യേക പദ്ധതിക്കായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രത്യേക പദ്ധതിയുടെ കീഴിൽ എന്തൊക്കെ കർമ്മ പരിപാടികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രദേശങ്ങളിൽ നിന്നും സംഭരിക്കുന്ന നെല്ല് മുഴുവൻ സംസ്ക്കരിച്ച് അരിയാക്കുന്നതിന് അതാത് സ്ഥലങ്ങളിൽ തന്നെ സൗകര്യമൊരുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയിൽ ഈ വർഷം ഏതൊക്കെ പുതിയ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ഭക്ഷ്യസുരക്ഷാ പദ്ധതി 2009-10 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(ബി) ഓണാട്ടുകര മേഖല, കുട്ടനാട് മേഖല, പൊക്കാളി മേഖല, കോൾ മേഖല, പാലക്കാട് ജില്ലയിലെ മറ്റ് നെല്ലുൽപ്പാദന മേഖല, വയനാട് മേഖല എന്നീ പ്രദേശങ്ങളെയാണ് പ്രധാനമായും ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സംസ്ഥാനമൊട്ടാകെ തരിശുനില വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പ്രത്യേക പദ്ധതിയുടെ കീഴിൽ ഓണാട്ടുകര മേഖലയിലെ തരിശുനില കൃഷി വികസനം, യന്ത്രവൽക്കരണം, എള്ളുകൃഷി പ്രോൽസാഹനം, കുട്ടനാടൻ മേഖലയിലെ തരിശുനില കൃഷി വികസനം, ഇരിപ്പൂ കൃഷി നടപ്പിലാക്കൽ, അപ്പർ കുട്ടനാടൻ മേഖലയിൽ ആരോഗ്യ പരിപാലനം, കരിനിലങ്ങളിൽ സൗജന്യ നിരക്കിൽ കുമ്മായം വിഭ്യമാക്കൽ, ഓണാട്ടുകര മേഖലയിലും കുട്ടനാടൻ മേഖലയിലും നെൽകൃഷിയ്ക്ക് വേണ്ടി അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും, പൊക്കാളി മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും തരിശുനില കൃഷി നടപ്പിലാക്കലും, കോൾ മേഖലയിൽ ഒരുപ്പൂ ഇരിപ്പൂ നിലങ്ങളിലായി കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം, യന്ത്രവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, പാലക്കാടൻ ജില്ലയിലെ നെൽകൃഷിയ്ക്ക് അടിസ്ഥാന സൗകര്യ വികസനം, യന്ത്രവൽക്കരണം, ജലസേചനത്തിനുതകുന്ന കുളങ്ങളുടെ പുനരുദ്ധാരണം, ഉല്പാദന ഉപാധികൾ വിഭ്യമാക്കൽ, വയനാടൻ മേഖലയിൽ സുഗന്ധ നെല്ലിനങ്ങളുടെ ജൈവകൃഷിയ്ക്ക് ധനസഹായം, യന്ത്രവൽക്കരണം, കേരളത്തിലെ മറ്റു മേഖലകളിലെ തരിശുനില കൃഷി വികസനം, കരനെൽകൃഷി പ്രോൽസാഹിപ്പിക്കൽ, നെൽകർഷകർക്ക് പലിശരഹിത വായ്പ വിഭ്യമാക്കൽ, കാട്ടാമ്പള്ളി നെൽകൃഷി വികസന പദ്ധതി, നെൽ കർഷകർക്ക് പച്ചക്കറി കൃഷിക്ക് ധനസഹായം, കുട്ടനാടൻ കോൾ നിലങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് നിലങ്ങൾ എന്നിവയുടെ മണ്ണു ഹരിതഭൂയിഷ്ടത പരിശോധന പദ്ധതി, കാർഷിക സർവ്വകലാശാല മുഖാന്തിരം കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയും നെൽകർഷകരുടെ കൃഷിയിടങ്ങളിലൂടെയും നെൽകൃഷി മേഖലയിലെ ഉൽപ്പാദന വർദ്ധനവ് കണക്കാക്കൽ, സാമ്പത്തിക സ്ഥിതിവിവര വകുപ്പ് വഴി നെല്ലിന്റെ ഉല്പാദനക്ഷമത കണക്കാക്കൽ, ബോധവൽക്കരണവും പ്രചാരണവും എന്നീ കർമ്മ പരിപാടികളാണ് നടപ്പിലാക്കിവരുന്നത്.

"(ഡി) നിലവിൽ നെല്ല് സംഭരണം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(ഇ) 2009-10-ലെ ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെയുള്ള നെൽകൃഷി പ്രദേശങ്ങളെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ഈ വർഷവും പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ നിരോധനം

208 (4276) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതകമാറ്റം വരുത്തിയ വിത്തുകൾ കേരളത്തിൽ പ്രചരിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം ഏതെങ്കിലും ജനിതകമാറ്റം വരുത്തിയ വിത്തുകൾ നിരോധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ജനിതകമാറ്റം വരുത്തിയ വിത്തുകൾ കേരളത്തിൽ കൃഷി ചെയ്യുവാൻ അനുവദിക്കേണ്ട എന്നതാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം. ഇതിന്റെ ഭാഗമായി ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ ഈ തീരുമാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യം കൂടി പരിഗണിച്ച് ജനിതകമാറ്റം വരുത്തിയ ബി.ടി. വഴുതന വിത്തുകൾക്ക് അനുമതി നിഷേധിച്ച് കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയെ 'ജനിതകമുക്ത' സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly